"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനീയറിംഗ് വിഭാഗം- പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് - വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ഉദ്യോഗസ്ഥർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി-തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1340/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. 01.02.2023 തീയതിയിലെ വിജിലൻസ് (ഡി) വകുപ്പിൽ നിന്നുള്ള വിജി-ഡി1/303/2022-വിജി നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 15.07.2022 തീയതിയിലെ ഇ2(എസ്.സി8/2021/ടിവിഎം) 28872/2020 നം. കത്ത്.
3. 03.03.23 ലെ 10/EWA1/2023/LSGD നമ്പർ മെമ്മോ.
4. ഓവർസിയർമാരായ ശ്രീമതി സുകന്യ എസ്, ശ്രീമതി ബിന്ദു എസ് എന്നിവർ സമർപ്പിച്ച 11.08.23.14.08.23 തീയതികളിലെ മറുപടി.
5. 06.01.2024 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/17901/2023-VIGA1 നം. കത്ത്.
6. 12.02.24 ലെ 10/EWA1/2023/LSGD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
7. ഓവർസിയർമാരായ ശ്രീമതി സുകന്യ എസ്, ശ്രീമതി ബിന്ദു. എസ് എന്നിവർ സമർപ്പിച്ച 04.06.24, 18.06.24 തീയതികളിലെ പ്രതിവാദ പത്രികകൾ.
8. 16.03.25 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/17901/2023-VIGA1 നം. കത്ത്.

**ഉത്തരവ്**

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ റോഡ് പുറമ്പോക്ക് ഭൂമിയും, തോട് പുറമ്പോക്ക് ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യേറി കെട്ടിടങ്ങളും സ്ഥാപനങ്ങളും നടത്തുന്നുവെന്നും പഞ്ചായത്തിൽ നിന്നും നിയമാനുസൃതമല്ലാതെ പെർമിറ്റുകൾ അനുവദിക്കുന്നുവെന്നും മറ്റുമുള്ള ഡോ. തേമ്പാംമൂട് സഹദേവൻ എന്നയാളുടെ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം യൂണിറ്റ് 25/08/2021 തീയതി പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽപ്പെട്ട ശ്രീ.മുഹമ്മദ് ഷഫീക്കിന്റെ കൊമേഴ്സ്യൽ കെട്ടിടനിർമ്മാണത്തിൽ കണ്ടെത്തിയ കയ്യേറ്റം, ശ്രീമതി നസീമയുടെ കെട്ടിടം നിർമ്മിച്ചതിലെ കൈയ്യേറ്റം എന്നിവയ്ക്ക്,

സ്ഥലപരിശോധന നടത്തിയ ഓവർസിയർമാർക്കെതിരെ ഇപ്രകാരം ശിപാർശ (2-ം ശുപാർശ) നൽകി--

ടി കെട്ടിടങ്ങളുടെ നിർമ്മാണം സ്ഥലപരിശോധന നടത്തി KPBR 2011 ചട്ടം പാലിച്ചാണ് നടത്തിയതെന്ന് റിപ്പോർട്ട് സമർപ്പിച്ച പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് LSGD വിഭാഗം ഓവർസിയറായ ശ്രീ. സുകന്യ. എസ്. ശ്രീമതി. ബിന്ദു. എസ് എന്നിവരിൽ നിന്നും വിശദീകരണം വാങ്ങി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് LSGD വിഭാഗം ഓവർസിയർമാരായ ശ്രീമതി സുകന്യ എസ്., ശ്രീമതി ബിന്ദു എസ്. എന്നിവർക്ക് വിശദീകരണം ആരാഞ്ഞ് മെമ്മോ നൽകിയിരുന്നു. ആയതിന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാളുകൾക്കെതിരെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയുണ്ടായി. ശ്രീമതി സുകന്യ എസ്, ശ്രീമതി ബിന്ദു എസ്. എന്നിവർ ലഭ്യമാക്കിയ കുറ്റപത്രത്തിന്റെ കൈപ്പറ്റ് പകർപ്പ്, പ്രതിവാദപത്രിക എന്നിവയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

കുറ്റാരോപിതർ നൽകിയ വിശദീകരണം ആയതിന്മേലുള്ള റിപ്പോർട്ട് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

ഓവർസിയർ സുകന്യ എസ് (PEN 612384) DoR- 31.5.2025

ശ്രീ മുഹമ്മദ് ഷഫീക്കിന്റെ കെട്ടിടം നിർമ്മാണ അനുമതി നൽകിയ കാലയളവിൽ ശ്രീമതി സുകന്യ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിരുന്നില്ല. ശ്രീമതി നസീമയുടെ കെട്ടിട നിർമ്മാണം സ്ഥല പരിശോധന ആദ്യം നടത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് വാസഗൃഹമായിട്ടല്ല എന്ന് റിപ്പോർട്ട് നൽകിയതായും, തുടർന്ന് കെട്ടിടം രൂപമാറ്റം വരുത്തിയതിന് ശേഷമാണ് KPBR 2011 പ്രകാരം വാസഗൃഹ യോഗ്യമാം വിധം നിർമ്മാണം പൂർത്തിയാക്കിയതായി റിപ്പോർട്ട് ചെയ്തത്.

ഓവർസിയർ ശ്രീമതി ബിന്ദു എസ് (PEN 495507) DoR- 31.5.2031

ശ്രീ.മുഹമ്മദ് ഷഫീക്ക്, പഞ്ചായത്ത് ആഫീസിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ പ്രകാരം സ്ഥലപരിശോധന നടത്തിയ ഓവർസിയർ ശ്രീമതി ബിന്ദുവിന്റെ റിപ്പോർട്ട് പ്രകാരമാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചത്. ആയതിനാൽ, ശ്രീമതി ബിന്ദുവിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് നമ്പർ അനുവദിച്ചപ്പോൾ ശ്രീമതി ബിന്ദു ടി കാര്യാലയത്തിൽ ഇല്ല. കൂടാതെ നമ്പർ അനുവദിച്ചതിന് ശേഷമാണ് അനധികൃത നിർമ്മാണങ്ങൾ നടത്തിയതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ശ്രീമതി നസീമയുടെ കെട്ടിട നിർമ്മാണം അപേക്ഷ പരിശോധിച്ച ശ്രീമതി ബിന്ദു കൈവശാവകാശരേഖ പ്രകാരം 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും 2011-ലെ കെ.പി.ബി.ആർ ചട്ടത്തിന് വിധേയമായി നിർമ്മാണം നടത്താവുന്നതാണെന്നും റിപ്പോർട്ട് നൽകിയിരുന്നു. സ്ഥല പരിശോധന നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാൽ ശ്രീമതി ബിന്ദുവിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് LSGD വിഭാഗം ഓവർസിയർമാരായ ശ്രീമതി സുകന്യ എസ്(PEN 612384), ശ്രീമതി ബിന്ദു എസ്.(PEN 495507) എന്നിവർക്കെതിരെ കെ.സി.എസ്(സി.സി&എ) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടിയിൽ, ഓവർസിയർ **ശ്രീമതി സുകന്യയുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കാണുന്നില്ലാത്തതിനാൽ, ടിയാളെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുന്നതിനും** ശ്രീ.മുഹമ്മദ്ഷഫീഖിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ അനുവദിച്ചതിനു ശേഷമാണ് കെട്ടിടത്തിനോട് ചേർന്ന് അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തിയെങ്കിലും, ഓവർസിയർ ശ്രീമതി ബിന്ദുവിന്റെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരമാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയതെന്നതിനാൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി കെ.സി.എസ്(സി.സി.&എ.) ചട്ടങ്ങളിലെ ചട്ടം 11(1)(i) പ്രകാരം 'സെൻഷർ' നൽകിയും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സുകന്യ എസ്, ഓവർസിയർ, അഴൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
2. ശ്രീമതി ബിന്ദു.എസ്, ഓവർസിയർ, ആനാട് ഗ്രാമപഞ്ചായത്ത് (തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
4. വിജിലൻസ് (ഡി) വകുപ്പ് ( ടി വകുപ്പിൽ നിന്നുള്ള 01.02.2023 ലെ വിജി- ഡി1/303/2022-വിജി നമ്പർ കുറിപ്പ് പ്രകാരം).
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. തദ്ദേശ സ്വയം ഭരണ (EWB) വകുപ്പ്.
7. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha B
സെക്ഷൻ ഓഫീസർ
Date: 31-05-2025 10:28:14